എമ്മാവൂസ്
# വചനദൂത്
Vol. VIII  Issue : 68




## ലൂക്കാ 13:22–30

*ദിവ്യകാരുണ്യ ഈശോയിൽ സ്നേഹം നിറഞ്ഞവരെ*

പെന്തക്കുസ്തായിലൂടെ പരിശുദ്ധാത്മാവിൽ നിറഞ്ഞ് ശ്ലീഹൻമാരോരുത്തരും ലോകത്തിന്റെ വിവിധഭാഗങ്ങളിൽ സഭാസമൂഹങ്ങൾ രൂപം കൊടുക്കുന്നതാണ് ശ്ലീഹാക്കാലത്തിലെ പ്രധാന ധ്യാനവിഷയം. പ്രപഞ്ച സൃഷ്ടിമുതൽ രക്ഷാകര ചരിത്രത്തിലുടനീളം പരി. ആത്മാവിന്റെ സാന്നി ധ്യമുണ്ട്. സൃഷ്ടിക്ക് ജീവൻ പകരുക, അതിനെ പോഷിപ്പിക്കുക, നിരന്തരം നവീകരിക്കുക ഇവ യെല്ലാം പരി.ആത്മാവിന്റെ പ്രവത്തനങ്ങളാണ്. സഭ യിലൂടെ നല്കപ്പെടുന്ന പരി.ആത്മാവിന്റെ കൃപ സ്ഥല-കാല- ഭാഷ ഭേദമന്യേ തലമുറകളിലേക്ക് പകർന്നുകൊടുക്കുവാൻ ശ്ലീഹാക്കാലം വളരെ പ്രത്യേകമായി നമ്മെ ഉദ്ബോധിപ്പിക്കുന്നു.

വി. ലൂക്കായുടെ സുവിശേഷത്തിന്റെ കേന്ദ്രഭാഗ മായ ജറുസലേമിലേക്കുള്ള ഈശോയുടെ യാത്ര യുടെ രണ്ടാംഭാഗത്തിന്റെ ആരംഭമാണ് ഇന്നത്തെ

ബ്രദർ അരുൺ കദംമ്പയിൽ MCBS

സുവിശേഷഭാഗം. ത്യാഗം നിറഞ്ഞ ഈ യാത്രയിൽ തന്നെ അനുഗമിക്കുന്നവർക്ക് ഈശോ നല്കുന്ന നിർദ്ദേശങ്ങളാണ് നാം വായിച്ചുകേട്ടത് "കർത്താവേ രക്ഷപ്രാപിക്കുന്നവർ ചുരുക്കമാണോ? എന്ന ഒരു വന്റെ ചോദ്യത്തിന് മറുപടിയായി "ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുവിൻ" എന്ന് പറയുന്ന ഈശോയെ നമുക്കിവിടെ കാണാം.

"ഇടുങ്ങിയ വാതിൽ എന്നത്" ഞെരുക്കവും കഷ്ട തയും നിറഞ്ഞ പ്രവേശനത്തെയാണ് സൂചിപ്പിക്കു ന്നത്. ഇടുങ്ങിയ വാതിലിന് വിപരീതമായത് വിശാല മായ വാതിലുകളാണ്. ഇടുങ്ങിയവാതിലുകളെക്കാൾ മനുഷ്യൻ തെരഞ്ഞെടുക്കാനാഗ്രഹിക്കുന്നത് വിശാ ലമായ വാതിലുകളാണ്. ഇടുങ്ങിയ വാതിലുകളിൽ തലമുട്ടാം, ശരീരത്തിൽ ചെളി പുരളാം, വാതിലിന നുസരിച്ച് ശരീരവും വളയ്ക്കേണ്ടിവരും. എന്നാൽ വലിയ വാതിലുകൾക്ക് ഈ പ്രതിസന്ധിയൊന്നുമില്ല

വാതിൽ ഉണ്ടെന്നതോന്നൽ പോലും ഉളവാക്കാതെ അവ നഗരകവാടംപോലെ നിലകൊള്ളുന്നു.

യുവജനങ്ങളും മുതിർന്നവരും വിശാലമായ വഴികൾ തിരഞ്ഞെടുക്കാൻ ഇഷ്ടപ്പെടുന്നവരാണ്. ഈ വഴിയിൽ വിശുദ്ധിക്കും ദാമ്പത്യ വിശ്വസ്തതയ്ക്കും ഒരു പക്ഷെ വില കണ്ടെന്നു വരികയില്ല. വിശാലമായ ഈ വഴിയിൽ എന്തും അനുവദനീയമാണ്. വിലക്കുകൾ ഒന്നുമില്ല. പക്ഷെ ഈ വാതിലുകൾ നയിക്കുന്നത് നിരാശയിലേക്കും, കോപത്തിലേക്കും, ആത്മഹത്യ പ്രവണതയിലേക്കുമാണ്. എന്നാൽ ഇടുങ്ങിയ വാതിൽ പരിത്യാഗത്തിന്റെയും ഉപവാസത്തിന്റെയും ദാനധർമ്മങ്ങളുടെയും വഴിയാണ്. ഈ വഴിയെ നടക്കാൻ അസാധാരണമായ ധൈര്യവും സമർപ്പണവും ആവശ്യമാണ്.

എല്ലാ ക്രൈസ്തവരുടെ മുമ്പിലും ഈ രണ്ടുവാതിലുകളും ഉണ്ട്. അസ്സീസിയിലെ വി. ഫ്രാൻസിസിന്റെ മുമ്പിൽ രണ്ടു വാതിലുകൾ ഉണ്ടായിരുന്നു. പിതൃസ്വത്തിന്റെയും സമൃദ്ധിയുടെയും പ്രഭുത്വത്തിന്റെയും തിളക്കമുള്ള വിശാലമായ വാതിലുണ്ടായിരുന്നു, പക്ഷെ ഫ്രാൻസിസ് ഇടുങ്ങിയ വാതിൽ തെരഞ്ഞെടുത്തതുകൊണ്ട് സ്വർഗ്ഗത്തിന്റെ വാതിലിൽ പ്രവേശിക്കാൻ കഴിഞ്ഞു.

ഇടുങ്ങിയവാതിൽ ഉപേക്ഷയുടെ വാതിലാണെന്ന് ആത്മീയാചാര്യൻമാർ അഭിപ്രായപ്പെടുന്നു. ലോകമോഹങ്ങളേയും ധനത്തെയും ഉപേക്ഷിച്ചുവേണം രക്ഷയിലേക്ക് വരാൻ. “ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനെക്കാൾ എളുപ്പം ഒട്ടകം സൂചികുഴലിലൂടെ പ്രവേശിക്കുന്നതാണ്.” എന്ന് വചനം സാക്ഷ്യപ്പെടുത്തുന്നു.

ഇവിടെ നമ്മൾ പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. ലൂക്കാ സുവിശേഷകൻ ഈശോയുടെ യാത്ര കുരിശിന്റെ വഴിയിലൂടെയുള്ള യാത്രയുടെ ആരംഭമായിട്ടാണ് പറയുന്നത്. ഈ യാത്രയ്ക്കിടയിലാണ് ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കേണ്ടതിന്റെ ആവശ്യകത ഈശോ വ്യക്തമാക്കുന്നത് .അവൻ പറയുന്നത് സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കുന്നുണ്ട്. പിതാവിന്റെ ഇഷ്ടത്തെ തന്റെ സ്വന്തം ഇഷ്ടമായി സ്വീകരിച്ചതുമൂലം ഈശോയ്ക്കും ഇടുങ്ങിയ വഴിയിലൂടെ കടന്നുപോകേണ്ടി വന്നു. ആ ഇടുങ്ങിയ വഴിയായ കുരിശിലൂടെ തന്നെത്തന്നെ നഷ്ടപ്പെടുത്തി ലോകത്തിന് രക്ഷനേടിത്തന്നു.

ഇതുപോലെ സ്വയം നഷ്ടപ്പെടുത്തി രക്ഷപ്രാപിച്ചവരാണ് വിശ്വാസികളുടെ പിതാവായ അബ്രാഹാവും, വിശ്വാസികളുടെ നാഥയായ പരി. മറിയവും, ശ്ലീഹന്മാരും വിശുദ്ധന്മാരുമെല്ലാം ഈ സ്വയം ഉപേക്ഷിക്കൽ എന്നത് നമ്മോട് സഹിതം ആവശ്യപ്പെടുന്നുണ്ട്.

ഇന്നത്തെ പഴയ നിയമവായനയിൽ പത്തു കല്പനകളുടെ പ്രാധാന്യം ദൈവം മോശയിലൂടെ വെളിപ്പെടുത്തുന്നു ദൈവത്തോടുള്ള വിശ്വസ്തപാലനത്തിൽ 10 കലപ്കനകൾക്കുള്ള പങ്ക് എന്താണെന്ന് വചനഭാഗത്തിലൂടെ വ്യക്തമാകുന്നു. മരുഭൂമിയിലെ പിതാക്കന്മാരുടെ അഭിപ്രായത്തിൽ കല്പനകൾ പാലിക്കുന്നതിനോടൊപ്പംതന്നെ ദൈവത്തിന് കാഴ്ചകൾ സമർപ്പിക്കുക എന്നും വ്യക്തമാക്കുന്നു. എന്താണ് ഈ കാഴ്ചകൾ? പിതാക്കന്മാരുടെ അഭിപ്രായത്തിൽ ദൈവസ്നേഹത്തെ പ്രതി നേരുന്ന ബ്രഹ്മചര്യവും ദാരിദ്ര്യവുമാണ് ആ കാഴ്ചകൾ. നമ്മുടെയൊക്കെ എളിയ ജീവിതങ്ങളിൽനിന്നും ഈശോ ആഗ്രഹിക്കുന്ന കാഴ്ചദ്രവ്യങ്ങൾ എന്താണെന്ന് നാം കണ്ടെത്തി അത് കൊടുത്തിരിക്കണം. അതിന് ഇടുങ്ങിയ വാതിലിലൂടെയുള്ള പ്രവേശനം അത്യാന്താപേക്ഷിതമാണ്.

വിശാലമായ ഹൈവേകളിലൂടെ നാം വാഹനങ്ങളിൽ യാത്രചെയ്യുമ്പോൾ വഴിവക്കത്തുള്ള സൈൻ ബോർഡുകളും ഒരുപക്ഷെ ശ്രദ്ധിക്കണമെന്നില്ല. ഇതുപോലെയാണ് ലോക സുഖങ്ങളിൽ ഒഴുകി ജീവിക്കുന്നവർ. ഒഴുക്കിനൊത്ത് നീന്തിക്കൊണ്ടിരിക്കും. നമ്മുടെ രക്ഷയ്ക്കായി നീട്ടപ്പെടുന്ന കൈത്താങ്ങുകളും, സൈൻ ബോർഡുകളും ശ്രദ്ധിക്കുന്നുമില്ല. അതിനു സമയം കണ്ടെത്താനുമില്ല.

ലീമായിലെ റോസാ പുണ്യവതി പറയുന്നു “നമുക്ക് സ്വർഗ്ഗത്തിലേക്ക് കരേറാൻ കുരിശല്ലാതെ മറ്റൊരു ഗോവണിയും ഇല്ല.” അതുപോലെ വി. ജോൺ വിയാനി പറയുന്നു “എതിർപ്പുകൾ നമ്മെ കുരിശിന്റെ അടുക്കലേക്ക് ആനയിക്കുന്നു; കുരിശുകൾ സ്വർഗ്ഗകവാടത്തിലേക്കും.”

പ്രിയമുള്ളവരെ, ഇടുങ്ങിയ വാതിലിനെ പ്രണയിക്കാൻ നമുക്ക് സാധിക്കണം. എന്റെയും നിങ്ങളുടെയും ജീവിതത്തിൽ അനേകം ഇടുങ്ങിയ വാതിലുകൾ ഉണ്ടാകും. രോഗങ്ങളുടെയും, ദുഃഖങ്ങളുടെയും, ആകുലതകളുടെയും, സാമ്പത്തിക ബുദ്ധിമുട്ടിന്റെയും ഇടുങ്ങിയ വാതിലുകളിലൂടെ പ്രവേശിക്കേണ്ടിവരുമ്പോൾ ധൈര്യം നഷ്ടമാകാതെ മുന്നോട്ടു പോകാനുള്ള കൃപയ്ക്കായിട്ട് നമുക്ക് പ്രാർത്ഥിക്കാം. ജീവിതത്തിന്റെ സുഖ-ദുഃഖങ്ങളെ ഒന്നുപോലെ ഉൾക്കൊള്ളാൻ നമുക്ക് കഴിയട്ടെ. ദൈവം അറിയാതെ എന്റെ ജീവിതത്തിൽ യാതൊന്നും സംഭവിക്കില്ല എന്ന യാഥാർത്ഥ്യം നമ്മുടെ മനസ്സുകളിൽ കുറിച്ചുവയ്ക്കണം. ഇടുങ്ങിയ കവാടങ്ങൾ രക്ഷയിലേക്കുള്ള കവാടങ്ങളായി കാണാൻ നമ്മുടെ ആന്തരീക നയനങ്ങൾ തുറക്കട്ടെ. അതിനായി നമുക്ക് പ്രാർത്ഥിക്കാം.

നിത്യം പിതാവിന്റെയും പുത്രന്റെയും പരി.ആത്മാവിന്റെയും നാമത്തിൽ...ആമേൻ